**CENTRE FOR DEVELOPMENT OF IMAGING TECHNOLOGY (C-DIT)**
Chitranjali Hills, Thiruvallam P.O., Thiruvananthapuram – 695 027

No. 54/PUR/C-DIT/2023 29.11.2023

**ദർഘാസുകൾ ക്ഷണിക്കുന്നു**

സി-ഡിറ്റിന്റെ തിരുവല്ലം ക്യാമ്പസ്സിൽ സൂക്ഷിച്ചിട്ടുള്ള ഉപയോഗശൂന്യമായ വസ്തുക്കൾ (കസേരകൾ, ഇലക്ട്രിക്ക് വയറുകൾ, പ്ലാസ്റ്റിക്കുകൾ, ഇരുമ്പ് വസ്തുക്കൾ ) സീൽ ചെയ്ത ദർഘാസുകൾ/ ക്വട്ടേഷൻ സ്വീകരിച്ചുകൊണ്ട് വിൽക്കുന്നതിന് തീരുമാനിച്ചിരിക്കുന്നു.

| | |
|---|---|
| **ക്വട്ടേഷൻ സമർപ്പിക്കേണ്ട സ്ഥലം** | **സി-ഡിറ്റ് ഹെഡ് ഓഫീസ്, തിരുവല്ലം, തിരുവനന്തപുരം** |
| **ക്വട്ടേഷൻ സമർപ്പിക്കേണ്ട അവസാന തിയതി** | **07.12.2023** |
| **സമയം** | **പകൽ 3 മണി** |
| **നിരത ദ്രവ്യം** | **1000 രൂപ** |

- ക്വട്ടേഷനിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ തുക രേഖപ്പെടുത്തിയ ക്വട്ടേഷൻ അടങ്ങിയ കവറിനു പുറത്തു **"സിഡിറ്റിലെ തിരുവല്ലം ക്യാമ്പസ്സിൽ സൂക്ഷിച്ചിട്ടുള്ള ഉപയോഗശൂന്യമായ വസ്തുക്കളുടെ ക്വട്ടേഷൻ"** എന്നു രേഖപ്പെടുത്തി നിശ്ചിത സമയത്തിനുള്ളിൽ സമർപ്പിച്ചിരിക്കണം . കൂടാതെ ലേലത്തിൽ പങ്കെടുക്കുന്ന വ്യക്തിയുടെ പൂർണ്ണമായ പേര്, മേൽവിലാസം, മൊബൈൽ നമ്പർ തുടങ്ങിയവ നിർബന്ധമായും ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടതാണ്.
- ക്വട്ടേഷനോടൊപ്പം രജിസ്ട്രാർ, സിഡിറ്റിന്റെ പേരിൽ ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ മാറാവുന്ന രൂപ 1000/- നിരതദ്രവ്യം അടച്ചതിനുള്ള ഡിമാൻഡ് ഡ്രാഫ്റ്റ് അഥവാ സിഡിറ്റ് ഓഫീസിൽ തുക അടച്ചതിന്റെ രസീത് ഉള്ളടക്കം ചെയ്യേണ്ടതാണ്.
- നിരതദ്രവ്യം അടയ്ക്കാത്ത ക്വട്ടേഷനുകൾ നിരുപാധികം നിരസിക്കുന്നതായിരിക്കും.
- നിശ്ചിത സമയപരിധിക്കുശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല.
- ഭദ്രമായി സീൽ ചെയ്ത ക്വട്ടേഷനുകൾ രജിസ്ട്രാർ, സിഡിറ്റ് എന്ന വിലാസത്തിൽ നേരിട്ടോ തപാൽ മുഖേനെയോ അവസാന തീയതി/സമയത്തിനുള്ളിൽ എത്തിക്കേണ്ടതാണ്.

- ഇപ്രകാരം ലഭിക്കുന്ന ക്വട്ടേഷനുകൾ 07.12.2023 ഉച്ചയ്ക്ക് 3 മണിക്ക് ശേഷം ക്വട്ടേഷണറുടേയോ അവർ ചുമതലപ്പെടുത്തിയ പ്രതിനിധികളുടെയോ സാന്നിധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതാണ്
- ക്വട്ടേഷനിൽ നിരക്ക് ഇനം തിരിച്ച് രേഖപ്പെടുത്തേണ്ടതാണ്.
- ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തി കിട്ടുന്ന വ്യക്തി ലേലത്തുകയുടെ 50 % അന്നേദിവസം 4 മണിക്ക് മുൻപായി സി-ഡിറ്റിന്റെ മെയിൻ അക്കൗണ്ട്സിൽ അടക്കേണ്ടതാണ്.
- ലേലം സ്ഥിരപ്പെടുത്തിയതായി അറിയിപ്പ് ലഭിച്ച് കഴിഞ്ഞാൽ 7 ദിവസത്തിനകം ബാക്കി തുക മുഴുവനായി ഒടുക്കി ലേല വസ്തുവിനെ ക്യാമ്പസ്സിൽ നിന്ന് സ്വന്തം ചിലവിൽ പൂർണ്ണമായി നീക്കം ചെയ്യേണ്ടതാണ്.
- ക്വട്ടേഷനിൽ രേഖപ്പെടുത്തുന്ന തുക GST ഉൾപ്പെടെയുള്ള തുകയായി കണക്കാക്കുന്നതായിരിക്കും.
- ലേല നിബന്ധനകൾ പാലിക്കാത്ത പക്ഷം നിരത ദ്രവ്യം ഉൾപ്പെടെ അതുവരെ അടച്ച മുഴുവൻ തുകയും സി-ഡിറ്റിലേക്ക് മുതൽ കൂട്ടുന്നതാണ്.
- ലേല നടപടികൾ യാതൊരു മുന്നറിയിപ്പും കൂടാതെ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം സി-ഡിറ്റ് രജിസ്ട്രാറിൽ നിക്ഷിപ്തമായിരിക്കും. നടപടികളിൽ സിഡിറ്റ് രജിസ്ട്രാറുടെ തീരുമാനം അന്തിമമായിരിക്കും.

കൂടുതൽ വിവരങ്ങൾ 0471 -2380910/ 912 എന്നീ ഫോൺ നമ്പറുകളിൽ നിന്ന് അറിയാവുന്നതാണ്. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർക്ക് 29.11.2023 മുതൽ എല്ലാ പ്രവൃത്തി ദിവസവും മുൻകൂർ അനുമതിയോടെ പകൽ 11 മണി മുതൽ 4 മണി വരെ സ്ഥലം സന്ദർശിച്ച് പട്ടികയിൽ കാണിച്ചിരിക്കുന്ന ഉപയോഗശൂന്യമായ ലേല വസ്തുക്കൾ പരിശോധിക്കാവുന്നതാണ്.

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**